**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *417** 25/06/2019 -ൽ മറുപടിയ്ക്ക്

**അദ്ധ്യാപക രക്ഷാകർതൃസമിതികളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ. ബാബു<br>,, സി.കൃഷ്ണൻ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷാകർതൃസമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ പ്രവർത്തനം സംബന്ധിച്ച് 25.06.2007 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 126/2007/പൊവിവ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ പി.ടി.എ. കമ്മിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ എല്ലാം തന്നെ വകുപ്പുതല ഓഡിറ്റിംഗിന് വിധേയമാക്കാറുണ്ട്. പി.ടി.എ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പി.റ്റി.എ. പ്രസിഡന്റായി ഒരാൾ തന്നെ തുടരുന്നതിനുള്ള പരമാവധി കാലാവധി 3 വർഷമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്കൂൾ മാനേജരെ എക്സ് ഒഫിഷ്യോ അംഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക രക്ഷാകർതൃ സംഘടന വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർതൃ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മുന്നേറ്റമാണ് അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് മികച്ച നിലയിൽ മാതൃകാപരമായി അദ്ധ്യാപക രക്ഷാകർതൃ സമിതികൾ പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സമിതികൾക്ക് പ്രോത്സാഹന സമ്മാനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ മികച്ച സർക്കാർ/എയ്ഡഡ് സ്കൂൾ പി.റ്റി.എ കളെ കണ്ടെത്തി ഉപജില്ലാ/വിദ്യാഭ്യാസ ജില്ലാ/റവന്യൂ ജില്ല/സംസ്ഥാന തലങ്ങളിൽ ഗ്രേഡ് നൽകി പ്രോത്സാഹന സഹായം നൽകുന്നുണ്ട്.<br>പ്രൈമറി, സെക്കണ്ടറി എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾക്കായി ആണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. റ്റി.റ്റി.ഐ-കളെ പ്രൈമറി വിഭാഗത്തിലും, റ്റി.എച്ച്.എസ്, ഫിഷറീസ് സ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയെ സെക്കണ്ടറി വിഭാഗത്തിലും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൈമറി വിഭാഗത്തിൽ |

വിദ്യാഭ്യാസ ഉപജില്ല തലത്തിൽ 10,000/- രൂപ വീതവും സെക്കണ്ടറി വിഭാഗത്തിൽ വിദ്യാഭ്യാസ ജില്ലാ തലത്തിൽ 25,000/- രൂപയും ആണ് പ്രോത്സാഹന സഹായം നൽകുന്നത്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി, സെക്കണ്ടറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000/-, 40,000/- എന്ന ക്രമത്തിലാണ് പ്രോത്സാഹന സഹായം.

റവന്യൂ ജില്ലാതലത്തിൽ എ ഗ്രേഡോട്ടു കൂടി കൂടുതൽ സ്കോർ നേടുന്ന രണ്ട് പി.ടി.എ കൾക്ക് സംസ്ഥാന തലത്തിൽ മത്സരിക്കാവുന്നതാണ്. റവന്യൂ ജില്ലയിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും ലഭിക്കുന്ന പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിലെ പി.റ്റി.എ കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യതയുണ്ട്.

സംസ്ഥാനതലത്തിൽ പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ 5 സ്ഥാനങ്ങൾക്ക് താഴെ പറയും പ്രകാരമാണ് പ്രോത്സാഹന സഹായം നൽകുന്നത്.

ഒന്നാം സ്ഥാനം-5,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

രണ്ടാം സ്ഥാനം-4,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

മൂന്നാം സ്ഥാനം-3,00,000/- രൂപ വീതം

(ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

നാലാം സ്ഥാനം-2,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

അഞ്ചാം സ്ഥാനം-1,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്).

സെക്ഷൻ ഓഫീസർ